ഡി–2/2017/എസ്ഡിസി

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷന്റെ ആഫീസ്,
തിരുവനന്തപുരം, തീയതി: 16.03.2017.
website:delimitation.lsgkerala.gov.in
e-mail:statedelimcom@gmail.com

പ്രേഷിതൻ,

സെക്രട്ടറി

സ്വീകർത്താവ്,

ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ &
ജില്ലാ കളക്ടർ, കണ്ണൂർ

സർ,

വിഷയം: –മട്ടന്നൂർ നഗരസഭ– വാർഡ് ഡീലിമിറ്റേഷൻ–കരട് വാർഡു വിഭജന നിർദ്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നത്– സംബന്ധിച്ച്.

സൂചന: ഡീലിമിറ്റേഷൻ കമ്മീഷന്റെ 15/03/2017–ലെ യോഗത്തിന്റെ തീരുമാനം

മട്ടന്നൂർ നഗരസഭയുടെ കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ പരിശോധിച്ച് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിന്റെ പകർപ്പുകൾ പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം നൽകുന്നു. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് കൈപ്പറ്റി മട്ടന്നൂർ മുനിസിപ്പാലിറ്റിയിലും മറ്റ് പ്രധാനപ്പെട്ട സ്ഥലങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനും ആയതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നൽകുന്നതിനും സെക്രട്ടറിക്ക് ഉടൻ തന്നെ നിർദ്ദേശം നൽകേണ്ടതാണ്.

കരട് വിജ്ഞാപനത്തിന്റെയും അനുബന്ധങ്ങളും (അനുബന്ധം 4, അനുബന്ധം 1, എല്ലാ വാർഡുകളുടെയും അനുബന്ധം 2, നിർദ്ദിഷ്ട വാർഡുകളുടെ അതിർത്തികൾ വ്യക്തമാക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഭൂപടം എന്നിവ) ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിലും കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള മറ്റു സ്ഥലങ്ങളിലും മുനിസിപ്പാലിറ്റിയുടെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതും അവയുടെ മൂന്ന് പകർപ്പുകൾ ദേശീയ തലത്തിലും സംസ്ഥാനതലത്തിലും അംഗീകാരമുള്ള രാഷ്ട്രീയ പാർട്ടികളുടെയും സംസ്ഥാന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ കക്ഷികളുടേയും മുനിസിപ്പാലിറ്റി തലത്തിലുള്ള സമിതികൾക്ക് വില ഈടാക്കാതെ

നൽകേണ്ടതും മറ്റാരെങ്കിലും ആവശ്യപ്പെടുന്ന പക്ഷം ഫോട്ടോ കോപ്പിക്കുള്ള ചാർജ്ജ് ഈടാക്കിക്കൊണ്ട് പകർപ്പുകൾ നൽകേണ്ടതുമാണ്.

കരട് വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണം നടത്തിയ വസ്തുത ബന്ധപ്പെട്ട മുനിസിപ്പൽ പ്രദേശത്ത് വ്യാപകമായി പ്രചാരമുള്ള പ്രദേശിക ദിനപത്രങ്ങളിലും മറ്റു സ്ഥലങ്ങളിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

**വിശ്വസത്തതയോടെ,**

**സെക്രട്ടറി.**
**ഡീലിമിറ്റേഷൻ കമ്മീഷനുവേണ്ടി**

## ഡീലിമിറ്റേഷൻ കമ്മിഷൻ, കേരളം

## വിജ്ഞാപനം

നമ്പർ : ഡി–2/2017/എസ്ഡിസി

തിരുവനന്തപുരം

2017 മാർച്ച് 16

2017 ഫെബ്രുവരി 8–ാം തീയതിയിലെ 228–ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 65/2017 ആയി പ്രസിദ്ധപ്പെടുത്തിയ സ.ഉ.(പി) നമ്പർ 7/2017/തസ്വഭവ നമ്പർ വിജ്ഞാപനപ്രകാരം **കണ്ണൂർ** ജില്ലയിലെ **മട്ടന്നൂർ** മുനിസിപ്പാലിറ്റിയുടെ വാർഡുകളുടെ എണ്ണം **35** ആയി നിശ്ചയിച്ചിട്ടുള്ളതിനാൽ, പ്രസ്തുത മുനിസിപ്പാലിറ്റിയെ അത്രയും വാർഡുകളായി വിഭജിക്കുന്നതിനും അവയുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനുമുള്ള കരട് നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിൽ ചേർത്തിട്ടുള്ള പ്രകാരം 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 69–ാം വകുപ്പ് അനുശാസിക്കുംപ്രകാരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

2. പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഉണ്ടെങ്കിൽ ആയത് **2017 മാർച്ച് 30–ാം** തീയതിക്കു മുമ്പ് ഡീലിമിറ്റേഷൻ കമ്മിഷൻ സെക്രട്ടറി മുമ്പാകെയോ ജില്ലാകളക്ടർ മുമ്പാകെയോ നേരിട്ടോ രജിസ്റ്റർ ചെയ്ത തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. അപ്രകാരം നൽകുന്നവയോടൊപ്പം എന്തെങ്കിലും രേഖകൾ നൽകാൻ ആഗ്രഹിക്കുന്നുവെങ്കിൽ അപ്രകാരമുള്ള രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകേണ്ടതാണ്.

3. ആക്ഷേപങ്ങളും അഭിപ്രായങ്ങളും അന്വേഷിക്കുന്നതും യുക്തമെന്നു കാണുന്ന പക്ഷം നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുന്ന സമയത്തും സ്ഥലത്തും വച്ച് പരാതിക്കാരെ ഡീലിമിറ്റേഷൻ കമ്മിഷൻ നേരിട്ട് കേൾക്കുന്നതുമാണ്. തൽസമയം പരാതിക്കാർ നേരിട്ട് ഹാജരാക്കേണ്ടതാണ്.

**സെക്രട്ടറി**
**സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷനുവേണ്ടി**

Office of the Delimitation Commission * Thiruvananthapuram * Date:.............

(ആഫീസ് മുദ്ര)